# കൊയ്നൊനിയ

ആഗസ്റ്റ് 2017

ചെറുവെട്ടുകാട് ഇടവക വാർത്ത ബുള്ളറ്റിൻ

Private circulation only I Book No. 1


## ഫാ. ജോസ് ദിലീപ് കപ്പൂച്ചിൻ ഇടവക വികാരിയായി സ്ഥാനമേറ്റു



ചെറുവെട്ടുകാട് ഇടവക വികാരിയായി ഫാ. ജോസ് ദിലീപ് കപ്പൂച്ചിൻ ജൂൺ 4 ന് സ്ഥാനമേറ്റു. വലിയതുറ ഫെറോന വികാരി ഫാ. സൈറസ് കളത്തിലിന്റെ സാനിധത്തിലായിരുന്നു സത്യപ്രതിജ്ഞ. ഇടവക വികാരി ആയിരുന്ന ഫാ. ഷൈജൻ ആന്റണി കപ്പൂച്ചിൻ, വലിയതുറ വില്ലപാദുവ ആശ്രമ സുപ്പീരിയർ ഫാ. സാജൻ കപ്പൂച്ചിൻ എന്നിവരും ഇടവകാംഗങ്ങളും സന്നിഹിതരായിരുന്നു.

## പ്രവേശനോത്സവം ഉൽഘാടനം ചെയ്തു

ചെറുവെട്ടുകാട് ക്രിസ്തീയ വിശ്വാസ ജീവിത പരിശീലന സമിതി ജൂൺ 11 നു പുതിയ അധ്യയനവർഷത്തിനു ആരംഭം കുറിച്ചു. വലിയതുറ വില്ലപാദുവ ആശ്രമത്തിലെ ഫാ.ഡിജോ ദീപം തെളിയിച്ചു പ്രവേശനോത്സവം ഉൽഘാടനം ചെയ്തു..

## ആഗസ്റ്റ് 15 വിശുദ്ധ അന്തോനീസിന്റെ ജനന തിരുനാൾ

ചെറുവെട്ടുകാട് ഇടവകയിൽ ആഗസ്റ്റ് 15 ചൊവ്വ വൈകുന്നേരം വിശുദ്ധ അന്തോനീസിന്റെ ജനന തിരുനാൾ ആഘോഷിക്കുന്നു. വൈ. 5.45 നു ജപമാല,നൊവേന, ദിവ്യബലി തുടർന്ന് ആരാധനയും നടത്തും.

## സ്വർഗ്ഗാരോപിത മാതാവിന്റെ തിരുനാൾ ആഗസ്റ്റ് 13 നു കൊടിയേറി 15 നു സമാപിക്കുന്നു.

ചെറുവെട്ടുകാട് ഇടവകയിൽ പരിശുദ്ധ കന്യകാമറിയത്തിന്റെ സ്വർഗ്ഗാരോപിത തിരുനാളിനു 13 നു രാവിലെ 8 മണിക്ക് ഇടവക വികാരി ഫാ. ജോസ് ദിലീപ്കപ്പൂച്ചിൻ കൊടി ഉയർത്തും തുടർന്ന് മേരിഗിരി സെമിനാരി അസിസ്റ്റന്റ് റെക്റ്റർ ഫാ.ഷൈജൻ ആന്റെണിയുടെ മുഖ്യ കാർമ്മികത്വത്തിൽ ദിവ്യബലി അർപ്പിക്കും, വില്ലപാദുവ ആശ്രമത്തിലെ ഫാ.ഡിജോ വചന സന്ദേശം നൽകും. 14 നു വൈകുന്നേരം 6 നു ജപമാല, ലിറ്റിനി തുടർന്ന് ഫാ.ജോസഫ് പെരേരയുടെ മുഖ്യകാർമ്മികത്വത്തിൽ ഫെറോന വികാരി ഫാ.സൈറസ് കളത്തിൽ വചനസന്ദേശം നൽകികൊണ്ട് സന്ധ്യാവന്ദന പ്രാർത്ഥനയും തുടർന്ന് പ്രദക്ഷിണവും നടക്കും 15 നു രാവിലെ കപ്പൂച്ചിൻ മിഷൻ ബാൻഡ് ഡയറക്ടർ ഫാ. ഗോഡ്ഫ്രേ പെരേരയുടെ മുഖ്യകാർമ്മികത്വത്തിൽ തിരുനാൾ സമൂഹബലി അർപ്പിക്കും വില്ലപാദുവ ആശ്രമ സുപ്പീരിയർ ഫാ.സാജൻ വചന സന്ദേശം നൽകും.

# എഡിറ്റോറിയൽ

**ഫാ. ജോസ് ദിലീപ് കപ്പൂച്ചിൻ**
**ഇടവക വികാരി**

പ്രീയ ഇടവകാംഗങ്ങളെ നമ്മുടെ ഇടവകയുടെ വാർത്തകൾ , കുട്ടികളുടെ താലന്തുകൾ എന്നിവ ഉൾപ്പെടുത്തിക്കൊണ്ട് നാം ഒരു വാർത്ത ബുള്ളറ്റിൻ പ്രസിദ്ധീകരിക്കുന്നു ഈ വാർത്ത ബുള്ളറ്റിന്റെ വിജയത്തിനായി എല്ലാവരും ഒത്തൊരുമയോടെ പ്ര വർത്തിക്കണമെന്നും പ്രാർത്ഥിക്കണമെന്നും അഭ്യർത്ഥിക്കുന്നു .

സ്നേഹപൂർവ്വം
ഇടവക വികാരി




അലോന ബി 15/8/2011




ജീവൻ 27/8/2004

**കൊയ്നോനിയ**

**ചെറുവെട്ടുകാട് ഇടവക വാർത്ത ബുള്ളറ്റിൻ**

*ചീഫ് എഡിറ്റർ :*

**ഫാ. ജോസ് ദിലീപ് കപ്പൂച്ചിൻ**




ഷൈജു 8/8/2002




ജിയോൻ ജി ജിട്രസ് 17/8/2008




സിബിൻ ജോയി 13/8/2005




ഷാരോൺ 7/8/1998

# ബാലവേദി ഇനിമുതൽ ചൈൽഡ് പാർലമെന്റ്

ചെറുവെട്ടുകാട് ഇടവകയിൽ പ്രവർത്തിച്ചിരുന്ന ബാലവേദി ഇനിമുതൽ ചൈൽഡ് പാർലമെന്റ് ആയി അറിയപ്പെടും . ഇടവക വികാരി ദിലിപ് അച്ചൻ , ബാലവേദി രക്ഷാധികാരി ഡെയ്സി , ടി എസ് എസ് എസ് കൺവീനർ മിനി ജോയി എന്നിവരുടെ സാനിധ്യത്തിൽ ചൈൽഡ് പാർലമെന്റിലേയ്ക് പുതിയ ഭാരവാഹികളെ തിരഞ്ഞെടുത്തു. സ്പീക്കർ ജീവൻ , പ്രധാനമന്ത്രി കെവിൻ രെഞ്ചുദാസ്, പാർലമെന്റ് കാര്യാലയം ജിൻസി ഫ്രാൻസിസ് , ധനകാര്യം അനിത്, കായികം ഷാരോൺ , പരിസ്ഥിതി സിബിൻ ജോയി , സ്ത്രീകളുടെയും കുട്ടികളുടെയും ക്ഷേമം മിന്നു , ആരോഗ്യം വിൻസി , ഗതാഗതം സ്നേഹ എം , വിദ്യാഭ്യാസം കൃപ , കൃഷി അഭിജിത് , മദ്യം മയക്കുമരുന്ന് അനഘ , മത്സ്യ വിഭവ വകുപ്പ് സ്നേഹ ജി ജിട്രസ്, വികലങ്ഗ ക്ഷേമം ചിഞ്ചു , പബ്ലിക് റിലേഷൻ റ്റീന് എം മണി. എന്നിവരാണ് തിരഞ്ഞെടുത്തത് .

# ചിൽഡ്രൻസ് ബാങ്ക് ആരംഭിക്കുന്നു

ചെറുവെട്ടുകാട് ഇടവകയിലെ മതബോധന കുട്ടികളിൽ സംമ്പാദ്യശീലം വളർത്തുവാൻ കുട്ടികൾക്ക് മാത്രമായി ചിൽഡ്രൻസ് ബാങ്ക് ആരംഭിക്കുന്നു . ഈ ബാങ്കിന്റെ പ്രവത്തനങ്ങൾ നടത്തുന്നത് ചെറുവെട്ടുകാട് മതബോധന സമിതി ആയിരിക്കും . സെപ്റ്റംബർ മാസം മുതൽ ബാങ്ക് പ്രവർത്തിച്ചു തുടങ്ങും .

# വീടിന്റെ മേൽക്കൂര ഷീറ്റിട്ടു

ചെറുവെട്ടുകാട് ഇടവകയിലെ 2017 ലെ വിശുദ്ധ അന്തോനീസിന്റെ തിരുന്നാളിന്റെ ഭാഗമായി നടത്താനിരുന്ന കാരുണ്യ പ്രവര്ത്തിയായി സെയിന്റ് ജോസഫ് യൂണിറ്റാഗമായ മേരി ജൂഡിറ്റിന്റെ ഭവനത്തിന്റെ മേൽക്കൂര ഷീറ്റിട്ടു നൽകി .

# ഷൈജൻ ആന്റണി അച്ചന് യാത്ര അയയ്പ്പു നൽകി



ചെറുവെട്ടുകാട് ഇടവകയിൽ ഇടവക വികാരിയായി സേവനമനുഷ്ഠിച്ചിരുന്ന ഫാ. ഷൈജൻ ആന്റണി കപ്പൂച്ചിന് ഇടവക ജനങ്ങൾ ഒന്നുചേർന്ന് യാത്ര അയയ്പ്പു നൽകി. ഇടവകയുടെ വളർയ്ക്കുവേണ്ടി അക്ഷീണം പ്രവർത്തിച്ച ഷൈജൻ അച്ചനോടുള്ള ഇടവകജനങ്ങൾ എന്നും സ്നേഹപൂർവ്വം ഓർമ്മിക്കുമെന്ന് ഇടവക സെക്രട്ടറി ശ്രീ.പ്രേമകുമാർ നന്ദിയുടെ വേളയിൽ പറഞ്ഞു. ഫെറോന വികാരി ഫാ. സൈറസ് കളത്തിലിന്റെ സാനിധ്യത്തിലായിരുന്നു യാത്ര അയയ്പ്പു. ഇടവക വികാരിയായി സ്ഥാനമേറ്റ ഫാ. ജോസ് ദിലീപ് കപ്പൂച്ചിൻ വലിയതുറ വില്ലപാദുവ ആശ്രമ സുപ്പീരിയർ ഫാ. സാജൻ കപ്പൂച്ചിൻ എന്നിവരും ഇടവകാംഗങ്ങളും സന്നിഹിതരായിരുന്നു. തുടർന്ന് ഇടവകാംഗങ്ങൾ ഒന്നുചേർന്ന് ഷൈജൻ അച്ചനെ കുടപ്പനക്കുന്ന് മേരിഗിരി ആശ്രമത്തിൽ കൊണ്ടുചെന്നാക്കി.

# ആഗസ്റ്റ് മാസത്തെ യൂണിറ്റ്യോഗങ്ങൾ

**സെന്റ് സെബാസ്റ്റ്യൻസ് യൂണിറ്റ്**
6/8/2017 ശ്രീമതി. റോസമ്മ ജോർജിന്റെ ഭവനത്തിൽ

**സെന്റ് മൈക്കിൾസ് യൂണിറ്റ്**
7/8/2017 ശ്രീ. ബ്രിജിറ്റ് വർവേലിന്റെ ഭവനത്തിൽ

**സെന്റ് ആന്റണീസ് യൂണിറ്റ്**
12/8/2017 ശ്രീ. രാജു തോമസിന്റെ ഭവനത്തിൽ

**സെന്റ് ജോസഫ്സ് യൂണിറ്റ്**
13/8/2017 ശ്രീ. വിനു ഏലിയാസിന്റെ ഭവനത്തിൽ

**സെന്റ് മേരീസ് യൂണിറ്റ്**
13/8/2017 ശ്രീ. ജയിംസിന്റെ ഭവനത്തിൽ




## നിര്യാതരായി

**ചെറുവെട്ടുകാട്:** ദിവ്യശാന്തി ആശ്രമത്തിലെ അന്തേവാസി അരുൺ നിര്യാതനായി. ശവസംസ്കാരം 12 / 8 / 2017 ൽ ചെറുവെട്ടുകാട് ഇടവകയിൽ നടന്നു .

# ബൈബിൾ ക്വിസ്

1. വിശുദ്ധ കുർബാനയുടെ പ്രധാന ഭാഗങ്ങൾ എത്ര? , ഏതെല്ലാം?

2. 'ഞാനും നിന്നെ വിധിക്കുന്നില്ല. പൊയ്ക്കൊള്ളുക , ഇനിമേലിൽ പാപം ചെയ്യരുത് ' ഏതു വചനഭാഗമാണ്?

3. വിജാതിയരുടെ അപ്പോസ്തലൻ എന്നറിയപ്പെടുന്നത് ആര് ?

4. ഇസഹാക്കിന്റെ ഭാര്യയുടെ പേരെന്ത് ?

5. ഹോർമ എന്ന വാക്കിന്റെ അർഥം ?



ചെറുവെട്ടുകാട് ഇടവകയിലെ കെ സി വൈ എം അംഗങ്ങളുടെ നേതൃത്വത്തിൽ സെമിത്തേരി വൃത്തിയാക്കി . യുവജനങ്ങളോടൊപ്പം മറ്റു ഇടവകാംഗങ്ങളും പങ്കെടുത്തു .

ഇടവകയിലെ ഭവനങ്ങൾ ഇടവക വികാരി ദിലീപ് അച്ചൻ സന്ദർശിച്ചു വരുന്നു

Printed by: Parish Priest, St. Sebastian's Church, Cheruvettukad, Trivandrum-7 , Latin Archdiocese Of Trivandrum